<u>പതിനാലാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2012** | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## <u>ജി.എസ്.ടി.യുടെ മറവിൽ ഉല്പന്നങ്ങൾക്ക് കൃത്രിമക്ഷാമം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി.യുടെ മറവിൽ ഉല്പന്നങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജി.എസ്.ടി.യുടെ മറവിൽ എം.അർ.പി.യിൽ കൂടുതൽ വില ഈടാക്കുന്നതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് നികുതി നിരക്കിലുണ്ടായ വർദ്ധനവ് അനുസരിച്ച് എം. ആർ. പി കൂടാൻ സാധ്യതയുള്ള പാക്കേജ്ഡ് കമോഡിറ്റികൾ എം. ആർ. പി വർദ്ധിപ്പിക്കുകയാണെങ്കിൽ ഉല്പാദകർ ദേശീയതലത്തിൽ പത്ര പരസ്യം ചെയ്ത് വില കൂടാനുണ്ടായ കാരണ സഹിതം നൽകുകയും പുതിയ എം. ആർ. പി പ്രത്യേകം തയ്യാറാക്കി പ്രദർശിപ്പിക്കുകയും വേണമെന്ന് കേന്ദ്രസർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.ടി നിയമത്തിലെ 171 വകുപ്പ് പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അതോറിറ്റി എത്രയും പെട്ടന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പഴയ നികുതിയടക്കമുള്ള വില്പന വിലയിന്മേൽ ജി.എസ്.ടി. ചുമത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉല്പന്നങ്ങളിൽ അച്ചടിച്ചിരിക്കുന്ന എം. ആർ.പി യിൽ കൂടുതൽ വില ഈടാക്കുന്നത് ചട്ട വിരുദ്ധമാണ്. ഇത് സംബന്ധിച്ച കർശന നിർദ്ദേശം |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ ഇതിനകം തന്നെ നൽകിയിട്ടുണ്ട്. കൂടാതെ നികുതിക്കു മേൽ നികുതി പാടില്ലെന്ന ജി.എസ്.ടി യുടെ പ്രാഥമിക ലക്ഷ്യത്തിനും ഇത്തരം നടപടികൾ വിരുദ്ധമാണ്. ജി.എസ്.ടി നടപ്പിലാക്കുന്ന സമയത്ത് നീക്കിയിരിപ്പായി ഉണ്ടായിരുന്ന സാധനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി സെൻട്രൽ എക്സൈസിന്റെയും വാറ്റിന്റെയും ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് ലഭിക്കുമെന്നതിനാൽ ജി.എസ്.ടി നിരക്കുകൂടി കൂട്ടിയാലും വില എം.ആർ.പി. ക്ക് പുറത്തുപോകുന്ന സാഹചര്യം ഉണ്ടാവില്ല. |
| (ഡി) | ജി.എസ്.ടി. നിരക്കുകൾ പഴയ കേന്ദ്ര-സംസ്ഥാന നികുതിയേക്കാൾ കൂടുതലാണോ, കുറവാണോ എന്നും ഉല്പന്നങ്ങളും സേവനങ്ങളും സംബന്ധിച്ച ജി.എസ്.ടി. നിലവാരം എന്ത് എന്നും വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനങ്ങൾ ഈടാക്കിയിരുന്ന പരോക്ഷ നികുതികളായ മൂല്യവർദ്ധിത നികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി, സർച്ചാർജ്, സെസ്സ്, വിനോദ നികുതി എന്നിവയും കേന്ദ്രനികുതികളായ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർച്ചാർജ്, സെസ്സ്, എന്നിവയും ജി.എസ്.ടി യിൽ ലയിക്കുന്നു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ടി നിരക്ക് കുറവാണ്. പലതിനും ടാക്സ് ക്രെഡിറ്റ് ഉള്ളതിനാൽ ഉൽപന്നങ്ങളും സേവനങ്ങളും സംബന്ധിച്ച ജി.എസ്.ടി നിരക്ക മുമ്പുണ്ടായിരുന്നതിനെക്കാൾ കുറവാണ്. |
| (ഇ) | ജി.എസ്.ടി. നടപ്പാക്കിയതു വഴി ഹോട്ടൽ ഭക്ഷണ നികുതിയിലെ ആശയക്കുഴപ്പം, പോലീസ് ക്യാന്റീനുകൾ നടത്താനാവാത്ത അവസ്ഥ, കെട്ടിട നിർമ്മാണ സാധനങ്ങൾ/സിമന്റ് വിലയിലെ മാറ്റം വിലകുറയേണ്ട 101 ഉല്പന്നങ്ങളിൽ വിലകുറയാത്തത് ,കോഴിയിറച്ചി തുടങ്ങി ഇറച്ചികൾക്ക് അമിത വില ഈടാക്കുന്നത് | (ഇ) | ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതിക്ക് മേൽ നികുതി എന്ന സ്ഥിതി ഒഴിവാകുകയും എല്ലാം ഒറ്റ നികുതി നിരക്കായി പരിമിതപ്പെടുകയും ചെയ്യുന്നതിനാൽ ഉല്പന്നത്തിന്മേൽ ഈടാക്കുന്ന നികുതി എത്രയെന്ന് കൃത്യമായും സുതാര്യമായും മനസ്സിലാക്കാവുന്നതാണ്. വാറ്റ് നിരക്കുമായി മാത്രം താരതമ്യം ചെയ്യുമ്പോഴാണ് ഉയർന്ന നികുതി നിരക്ക് എന്ന |

| | | | |
|---|---|---|---|
| | കോഫീ ഹൗസുകളുടെ പ്രവർത്തനം, റയിൽവെ സ്റ്റേഷനുകളിലെ പാർക്കിംഗ് ഫീസ്, സേവന ഉപനികുതിയും നാലു വർഷത്തെ മുൻകാല പ്രാബല്യം എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എന്തെല്ലാം എന്നും ഇവ പരിശോധിച്ച് പ്രസ്തുത മേഖലയിലെ നിലവിലെ അവസ്ഥ തരണം ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | | തോന്നൽ ഉണ്ടാവുന്നത്. എന്നാൽ ആ ഉല്പന്നത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ടായിരുന്ന പല ഇനം നികുതികൾ മൊത്തമായി പരിഗണിക്കുമ്പോൾ ജി.എസ്.ടി. നിരക്ക് കുറവാണ്. ആയതിനാൽ തുടക്കത്തിലെ അവ്യക്തതകൾ മാറുമ്പോൾ വിലകുറയാനാണ് സാദ്ധ്യത. നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾക്കും ഇത് പരിഹാരമാകും. ജി.എസ്.ടി. നിയമപ്രകാരം ക്യാന്റീൻ സ്റ്റോറുവഴി Defence personnel ന് നല്കുന്ന നികുതിക്കു മാത്രമേ ഒഴിവുള്ളൂ. പോലീസ് ക്യാന്റീനിന് ഇതു ബാധകമല്ല. അഖിലേന്ത്യാതലത്തിൽ ജി. എസ്. ടി. കൗൺസിലിൽ എടുത്ത തീരുമാനം സംസ്ഥാനത്തിനു മാത്രമായി മാറ്റാനോ നികുതി നിരക്കിൽ വ്യതിയാനം വരുത്താനോ അധികാരമില്ല. ജി.എസ്.ടി. യിൽ ഇറച്ചിക്കോഴി നികുതി വിമുക്തമാണ് ജി.എസ്.ടി. നിലവിൽ വരുന്നതിന് മുൻപ് കേരളത്തിൽ കോഴിയിറച്ചിക്ക് 14.5% നികുതിയുണ്ടായിരുന്നു. ആയതിനാൽ കോഴിയുടെ വില സ്വാഭാവികമായും കുറയേണ്ടതാണ്. മുൻപ് സേവന നികുതി കേന്ദ്രസർക്കാരാണ് പിരിച്ചിരുന്നത്. ആയതിനാൽ മുൻകാല പ്രാബല്യത്തോടെ സേവന നികുതി ചുമത്തുന്ന പ്രശ്നം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. ഇതു സംബന്ധിച്ച പല പ്രശ്നങ്ങളും ജി.എസ്.ടി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**